EB (1)
1
6/9/19
-18095-

"ഭരണഭാഷ-മാതൃഭാഷ"

സ്ഥിതിവിവരക്കണക്ക് ആസ്ഥാന കാര്യാലയം ★ തിരുവനന്തപുരം ★
06 SEP 2019

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് - ഡി.ഇ.എസ് - ജീവനക്കാര്യം - കെ. എസ്.എസ്.എസ്. പദ്ധതിയുടെ ഭാഗമായി സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിൽ സൃഷ്ടിച്ചിട്ടുള്ള തസ്തികകൾ നിർത്തലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണസാമ്പത്തികകാര്യ (ബി) വകുപ്പ്**

**സ.ഉ(അച്ചടി) നം.24/2019/പ്ലാനിംഗ്. തീയതി, തിരുവനന്തപുരം, 6/09/2019**

---

പരാമർശം:- 1. സ.ഉ(കൈ) നം.62/2013/പ്ലാനിംഗ് തീയതി 12/12/2013
2. സ.ഉ(സാധാ) 234/2018/പ്ലാനിംഗ് തീയതി 08/05/2018
3. ഡയറക്ടർ ജനറൽ, സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പ് സമർപ്പിച്ച 29/05/2018 തീയതിയിലെ ഇബി(1) 1221/2018/ ഡിഇഎസ് നമ്പർ കത്ത്.
4. 26/12/2018 തിയ്യതിയിലെ കേന്ദ്ര സർക്കാരിന്റെ DO No.I-21057/4(7)/Kerala-2009-ISSP നമ്പർ കത്ത്.
5. ഡയറക്ടർ ജനറൽ, സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പ് സമർപ്പിച്ച 28/12/2018 തീയതിയിലെ ഇബി(1)/28933/16/ഡിഇഎസ് നമ്പർ കത്ത്.
6. ഡയറക്ടർ ജനറൽ, സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പ് സമർപ്പിച്ച 05/09/2019 തീയതിയിലെ ഇബി(1) 2222/2019/ഡിഇഎസ് നമ്പർ കത്ത്.

**ഉത്തരവ്**

കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിൽ നടപ്പാക്കി വരുന്ന Kerala Support for Statistical Strengthening Project (KSSSP) ന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിൽ ഡയറക്ടർ ജനറൽ, ഡയറക്ടർ(എസ്.ഡി.പി), ഡയറക്ടർ(എസ്.ഡി.ആർ.റ്റി.), അഡീഷണൽ ഡയറക്ടർ(കോ-ഓർഡിനേഷൻ) എന്നിങ്ങനെ നാല് തസ്തികകൾ പരാമർശം 1 പ്രകാരം സൃഷ്ടിച്ചിരുന്നു. കാലാകാലങ്ങളിൽ പദ്ധതിയുടെ കാലയളവ് കേന്ദ്രസർക്കാർ ദീർഘിപ്പിച്ച് നൽകുന്നതനുസരിച്ച് ടി നാല് തസ്തികകളുടെ കാലാവധിയും ദീർഘിപ്പിച്ച് നൽകിയിരുന്നു. കേന്ദ്രസർക്കാർ ടി പദ്ധതിയുടെ കാലാവധി 30/06/2018 വരെ ദീർഘിപ്പിച്ച് നൽകിയതിനെ തുടർന്ന് ടി 4 തസ്തികകളുടെ പ്രവർത്തന കാലാവധി 30/06/2018 വരെ ദീർഘിപ്പിച്ചുകൊണ്ട് പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

K S S S പദ്ധതിയുടെ ഭാഗമായി ആരംഭിച്ച പ്രവർത്തനങ്ങളുടെ ഫലപ്രദമായ തുടർപ്രവർത്തനങ്ങൾക്ക് പദ്ധതിയുടെ ഭാഗമായി ആരംഭിച്ച നാല് തസ്തികകളും വകുപ്പിൽ നിലനിർത്തേണ്ടത് അത്യാവശ്യമാണെന്നും ടി പദ്ധതി പ്രകാരം വകുപ്പിൽ സൃഷ്ടിച്ച

തസ്തികകളുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സംസ്ഥാന സർക്കാർ തന്നെയാണ് വഹിക്കുന്നതെന്നും ഈ സാഹചര്യത്തിൽ K S S S പദ്ധതി പ്രകാരം സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിൽ സൃഷ്ടിച്ച നാല് തസ്തികകൾ നിലനിർത്തണമെന്നും ഡയറക്ടർ ജനറൽ പരാമർശം 3 പ്രകാരം ശുപാർശ ചെയ്തിരുന്നു. കെ . എസ് . എസ് . എസ് . പ്രോജക്ടിൽ ഉൾപ്പെടുത്തി നടത്തപ്പെടുന്ന എല്ലാ പ്രവർത്തനങ്ങളുടെയും കാലാവധി 2019 മാർച്ച് വരെ ദീർഘിപ്പിച്ചുകൊണ്ട് കേന്ദ്രസർക്കാരിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്ന് പരാമർശം 5 പ്രകാരം ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എസ്.എസ്.എസ്. പദ്ധതിയുടെ ഭാഗമായി സൃഷ്ടിച്ചിരുന്ന നാലു തസ്തികകളിൽ നിലവിൽ ഡയറക്ടർ(എസ്.ഡി.പി), ഡയറക്ടർ(എസ്.ഡി.ആർ.റ്റി.) തസ്തികകളിലെ ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്നും വിരമിക്കുകയും പകരം നിയമനം നടത്താത്തതുമായ സ്ഥിതിയാണുള്ളത്. അഡീഷണൽ ഡയറക്ടർ (കോ-ഓർഡിനേഷൻ), ഡയറക്ടർ ജനറൽ എന്നീ തസ്തികകളിൽ മാത്രമാണ് നിലവിൽ ഉദ്യോഗസ്ഥർ ജോലി ചെയ്തുവരുന്നത്. 2019 മാർച്ച് 31 ന ശേഷം കെ . എസ് . എസ് . എസ് പദ്ധതി ദീർഘിപ്പിച്ചുകൊണ്ട് കേന്ദ്രസർക്കാരിൽ നിന്നും നിർദ്ദേശങ്ങളൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ കെ എസ് എസ് എസ് പദ്ധതിയുടെ ഭാഗമായി സൃഷ്ടിച്ച ഡയറക്ടർ ജനറൽ തസ്തിക തരം താഴ്ത്തിക്കൊണ്ടും, ഡയറക്ടർ(എസ്.ഡി.പി), ഡയറക്ടർ(എസ്.ഡി.ആർ.റ്റി.), അഡീഷണൽ ഡയറക്ടർ (കോ-ഓർഡിനേഷൻ) തസ്തികകൾ ഉടൻ പ്രാബല്യത്തിൽ നിർത്തലാക്കിക്കൊണ്ടും ഏറ്റവും ജൂനിയറായ അഡീഷണൽ ഡയറക്ടർ ശ്രീ.കെ.ദാമോദരനെ ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് തരം താഴ്ത്തിക്കൊണ്ടും നിലവിൽ അഡീഷണൽ ഡയറക്ടർ (കോ-ഓർഡിനേഷൻ) തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. പി.പി. സജീവിനെ അഡീഷണൽ ഡയറക്ടർ(പ്രൈസ്) തസ്തികയിൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷൈനി ജോർജ്**

**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ ജനറൽ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഡി.ജി, ഡി ഇ എസ് മുഖേന).
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വികാസ് ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (25/03/2019 ലെ Exp-A3/587/2016-FIN പ്രകാരം)
ആസൂത്രണ സാമ്പത്തികകാര്യ (സി പി എം യു) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**

മേലെഴുത്ത് നം.ഇബി(1) 2222/2014/സിഇഎസ്,
തീയതി: 06/09/2019

ഉത്തരവിന്റെ പകർപ്പ് ഉദ്യോഗസ്ഥരുടെ അറിവിലേക്കായി വകുപ്പുവെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ഡയറക്ടർക്കു വേണ്ടി

ഡെപ്യൂട്ടി ഡയറക്ടർ (കമ്പ്യൂട്ടർ)